**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2853** **10-03-2025 - ൽ മറുപടിയ്ക്ക്**

**പീരുമേട്-തോട്ടാപ്പുര-നാൽപ്പത്തിനാലാം മൈൽ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പീരുമേട്-തോട്ടാപ്പുര-നാൽപ്പത്തിനാലാം മൈൽ റോഡ് എന്നുമുതലാണ് വനം വകുപ്പ് അടച്ചുപൂട്ടിയത്; വിശദമാക്കാമോ; | (എ) | പീരുമേട്-തോട്ടാപ്പുര-നാൽപ്പത്തിനാലാം മൈൽ റോഡ് എന്ന പേരിൽ ഒരു റോഡ് നിലവിലില്ലാത്തതാണ്. |
| (ബി) | പ്രസ്തുത റോഡ് തുറന്നുകൊടുക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ഗോത്രവർഗ്ഗ കമ്മീഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ബഹു. ഗോത്ര വർഗ്ഗ കമ്മീഷൻ, 596/A3/2023/IDK/KSCSC&ST നമ്പരായി 15/11/2023 ന് പുറപ്പെടുവിച്ച ഒരു ഉത്തരവ് പീരുമേട്ടിലെ പൊതുമരാമത്ത് (നിരത്തുകൾ വിഭാഗം) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി ഉത്തരവിൽ, നാല്പത്തിനാലാം മൈൽ, തോട്ടാപ്പുര-അഴുത റോഡ്, വനം വകുപ്പിന്റെ അനുമതി വാങ്ങി ഗതാഗത യോഗ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വനം വകുപ്പ് രേഖകളിൽ അത്തരം ഒരു റോഡ് നിലവിലില്ല. |
| (സി) | പ്രസ്തുത റോഡ് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | തോട്ടപ്പുര-നാല്പത്തിനാലാംമൈൽ മേഖല വളഞ്ഞങ്ങാനം റിസർവ്, റാന്നി റിസർവ്, വളഞ്ഞങ്ങാനം EFL എന്നിവ ഉൾപ്പെടുന്ന പ്രദേശമാണ്. ആന, കാട്ടുപോത്ത് തുടങ്ങിയ വന്യജീവി സാന്നിദ്ധ്യം കൂടുതലുള്ള ടി പ്രദേശത്ത് റോഡ് തുറക്കുന്നത് മനുഷ്യ-വന്യമൃഗ സംഘർഷം അധികരിക്കുവാൻ കാരണമാകും.<br><br>ആദിവാസി ഗ്രാമങ്ങളായ തോട്ടാപ്പുര, പ്ലാക്കത്തടം എന്നിവിടങ്ങളിലെ ജനങ്ങൾ ആശുപത്രി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയ്ക്കായി പീരുമേട് ടൗണിനെയാണ് ആശ്രയിക്കുന്നത്. ടി ഭാഗത്ത് നിന്നും പീരുമേട് ടൗണിലേക്ക് സുഗമമായ ഗതാഗത സൗകര്യമുള്ള റോഡ് നിലവിലുള്ളതാണെന്നിരിക്കെ തോട്ടപ്പുരയിലോ, പ്ലാക്കത്തടത്തോ ഉള്ള ആളുകൾക്ക്, കടകമ്പോളങ്ങളോ ആൾത്താമസമോ ഇല്ലാത്തതായ |

| | | | |
|---|---|---|---|
| | | | നാലാം മൈൽ എന്ന സ്ഥലത്തെ ആശ്രയിക്കേണ്ടതായി വരുന്നില്ല. കൂടാതെ റിസർവ് വനത്തിലൂടെ തോട്ടാപ്പുര- നാല്പത്തി- നാലാംമൈൽ റോഡ് എന്ന നിലയിൽ പുതിയ റോഡ് അനുവദിക്കുന്നതിന് 1980 ലെ Forest (Conservation) Act (Van (Sanrakshan Evam Samvardhan) Adhiniyam) വ്യവസ്ഥകൾ കൂടി പാലിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ